
തുഷാരം

# സമർപ്പണം

അറിവ് മറ്റൊരാളിൽനിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്.ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസപ്രക്രിയ  രൂപപ്പെട്ടുവന്നിട്ടുണ്ട്.വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽനിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെരൂപപ്പെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്.  ഇതിന്റെ തുടർച്ചയായാണ് സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐ.ടി.കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നാപ്പിലാക്കുന്നത്. ഈ വിദ്യാലയത്തിലേ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയാറാക്കിയ

പട്ടം എന്ന മാഗസിൻ നിങ്ങൾക്കായി ഞങ്ങൾ സമർപിക്കുന്നു .......

# താളുകളിലൂടെ.....

1. എഡിറ്റോറിയൽ ബോർഡ്...................... 5
2. സ്ക്രൂൾ തല നിർവ്വഹണ സമിതി.......... 6
3. ആശംസകൾ............................................ 8
4. ഞങ്ങളുടെ വിദ്യാലയം.............................. 9
5. രക്ഷാധികാരികൾ..................................... 14
6. സ്നേഹം................................................... 16
7. പുഞ്ചപ്പാടത്തെ പൂങ്കുയിലേ...................... 18
8. *MY LOVE*................................................... *19*
9. WATER CONSERVATION................. 20
10. ഹാഫ് ഗേൾഫ്രണ്ട്.................................. 21
11. *ഉത്തരം കണ്ടെത്തു*................................ *25*
12. *ദുരിതാശ്വാസ ക്യാമ്പ്*............................ *26*
13. വെളിച്ചം ഇരുട്ടിനോട് പറയുന്നത് *കാത്തിരിപ്പിനൊടുവിൽ*.. *28*
14. ഭൂമിയുടെ ആഭരണങ്ങൾ.................... *29*
15. *CHILDREN'S DAY*............................. *30*
*16. സംഘം*...................................................... *32*
*17. വിളിപ്പേരുകൾ*........................................ *33*
*18. പൂമ്പാറ്റ*.................................................. *35*
*19. Kerala- God's own Country*............. *36*
*20. സ്വാതന്ത്ര്യ സമര ക്വിസ്*........... *37*
*21. കഠ്വ*......................................................... *40*

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ



സുഹൈൽ .എം

## സബ് എഡിറ്റേഴ്സ്



അമീൻ



ആദിൽ

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ











# സ്കൂൾ തല നിർവ്വഹണ സമിതി

- ചെയർമാൻ - ശ്രീ.പിഡി മൈക്കിൾ(പി.റ്റി.എ പ്രസിഡന്റ്)

- കൺവീനർ - ശ്രീമതി സോഫി ജോർജ് (എച്ച്.എം)

- വൈസ് ചെയർമാൻ - ശ്രീമതി ധന്യ (എം.പി.റ്റി.എ)
  - ശ്രീ വിൽസൺ(പി.റ്റിഎ വൈസ് പ്രസിഡന്റ്)

- ജോയിന്റ് കൺവീനർമാർ - ശ്രീ ജെയിംസ്.എ (കൈറ്റ് മാസ്റ്റർ)
  - ശ്രീമതി ജെസി മറിയം (കൈറ്റ് മിസ്ട്രസ്സ്)

- കുട്ടികളുടെ പ്രതിനിധികൾ - മുഹമ്മദ് ജാസിൽ (ലിറ്റിൽ കൈറ്റ് ലീഡർ)
  - ഹിബ ഷെറിൻ (ലിറ്റിൽ കൈറ്റ് ഡെ.ലീഡർ)

**

****

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ







ശ്രീ ജെയിംസ്.എ
(കൈറ്റ് മാസ്റ്റർ)

ശ്രീമതി ജെസി മറിയം
(കൈറ്റ് മിസ്ട്രസ്സ്)

# ആശംസകൾ



ചുണ്ടേൽ ആർ സി എച്ച് എസിലെ ഐടി ക്ലബായ ലിറ്റിൽ കൈറ്റിൻറെ നേതൃത്വത്തിൽ പട്ടം എന്ന പേരിൽ മാഗസിൻ പ്രസിദ്ധികരിക്കുന്നു എന്നറിഞ്ഞതിൽ അഭിനന്ദന മറിയിക്കട്ടെ . ദ്ര്ശ്യമാധ്യമങ്ങളുടെ ഈ ലോകത്ത് പരസ്പര ആശയവിനിമയം നടത്തുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു സവിശേഷതയാണ് വിദ്യാർത്ഥികളിൽ ആശയവിനിമയത്തിനു ഉപയോഗിക്കുന്ന നൂതന മാർഗമായ ഐ ടിപരിപോഷിപ്പിക്കുവനായ് പ്രസിദ്ധികരിക്കുന്ന പട്ടം മാഗസിസിനു എല്ലാവിധ ആശംസകളും നേരുന്നതോടൊപ്പം ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകരെയും വിദ്യർത്ഥികളേയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു.

എന്ന്

സ്നേഹപൂർവ്വം

റവ.ഫാ .മാർട്ടിൻ ഇലഞ്ഞിപറമ്പിൽ

മാനേജർ



നിങ്ങളുടെ ഭാവനകളും ചിന്തകളും പട്ടം പോലെ ഉയരട്ടെ അങ്ങനെ നല്ല ഒരു സമൂഹത്തെ രൂപീകരിക്കാൻ നിങ്ങൾക്കു കഴിയട്ടെ ആശംസകളോടെ..

സോഫി ടീച്ചർ



ചുണ്ടേൽ. ആർ. സി. ഹയർസെക്കണ്ടറി സ്ക്കുളിൽ ലിറ്റിൽ കൈറ്റ് .ഐ.റ്റി.ക്ലബ്ബിന്റെ നേത്രത്യത്തിൽ പട്ടം എന്ന മാഗസിൻ തയ്യറാക്കുന്നു. നമ്മുടെ വൃദ്യാലയത്തിൽ ഈ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപർക്കും വിദ്യാർത്ഥികൾക്കും നന്മകൾ നേരുന്നു.

മാഗസിൻ എല്ലാവിധ ആശംസകൾ നേരുന്നു.

മൈക്കിൾ. പി.ഡി

PTA പ്രസിഡന്റ് RCHSS

# ഞങ്ങളുടെ വിദ്യാലയം

മൈസൂർ രൂപതയുടെ ഭാഗമായിരുന്ന വയനാട്, 1923-ൽ കോഴിക്കോട് രൂപത നിലവിൽ വന്നപ്പോൾ അതിന്റെഭാഗമായി മാറി.വൈത്തിരി പള്ളിയിലെ അന്നത്തെ വികാരിയായിരുന്ന ഫാദർ.എഡ്വേർഡ് ബെറേറ്റ എന്നഈശോ സഭാ വൈദികൻ ആണ് ചുണ്ടേൽ പ്രദേശത്തു കാരുടെ വിദ്യാഭ്യാസാവശ്യങ്ങൾക്കായി ഒരു വിദ്യാലയം ആരംഭിക്കാൻ മുൻകൈ എടുത്തത്.



ഇംഗ്ലീഷ് ആന്റ് സ്വിറ്റീഷ് ഗ്രൂപ്പ് എസ്റ്റേറ്റ് മാനേജർ ബഹർ എന്ന വ്യക്തിയിൽ നിന്നും ദാനമായി കിട്ടിയ ഒരു തുണ്ട് സ്ഥലത്ത് 1924-ൽ ഒരു ചെറിയ ഓലമേഞ്ഞ ഷെഡിൽ ചുണ്ടേൽ ബസാറിൽ അന്ന് വൈത്തിരി പള്ളിയിലെ കപ്യാർ ആയിരുന്ന ശ്രീ. രാജു കോവിൽ പിള്ള എന്ന അദ്ധ്യാപകന്റെ കീഴിൽ 47 കുട്ടികളും ശ്രീ. ടി.ഗോവിന്ദൻ, ശ്രീ.ജോസഫ് മാരേത്ത് എന്ന രണ്ട് അദ്ധ്യാപകരുമായിട്ടായിരുന്നു ഈ വിദ്യാലയത്തിന്റെ തുടക്കം. ഇതിന്റെ നടത്തിപ്പിനായി ഇ.ആന്റ്.എസ്. കമ്പനി മാസം തോറും പത്ത് രൂപ ഗ്രാന്റ് ആയും നൽകിയിരുന്നു.

വയനാട്ടിലെ ഒന്നാമത്തെ വിദ്യാലയം കൽപറ്റ S.K.M.J സ്കൂൾ ആയിരുന്നു.വയനാട്ടിലെ




രണ്ടാമത്തെ വിദ്യാലയമാണ് നമ്മുടെ സ്കൂൾ. പിന്നീട് വികാരിയായി വന്ന ഫാദർ സെബാസ്റ്റ്യൻ നെറോണ 1934-ൽ സ്കൂളിന് വേണ്ടി ഓട് പാകിയ ഒരു കെട്ടിടം പണിയുകയുണ്ടായി. 1938 ആയപ്പോഴേക്കും അത് ലോവർ പ്രൈമറി ആയി മാറി. ശ്രീ.ജോസഫ് മാരേത്ത് ആദ്യത്തെ ഹെഡ്മാസ്റ്ററായി. 1939-ൽ ഫാദർ വിക്ടർ ഡി.റൊസാരിയോ, വികാരി ആയി വരികയും വൈത്തിരിയിൽ ഉണ്ടായിരുന്ന ചാരിറ്റി സന്യാസ സഭയിലെ സിസ്റ്റേഴ്സിനെ സ്കൂളിലെ അദ്ധ്യാപനത്തിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. സിസ്റ്റർ ഇന്നസെന്റ്, സി. എമറൻസിയാന, സിസ്റ്റർ മസിമീന എന്നിവർ ദിവസവും വൈത്തിരിയിൽ നിന്നും ചുണ്ടവരെയും വൈകുന്നേരം തിരിച്ചും കാൽനടയായി വന്നു അദ്ധ്യാപനം നിർവ്വഹിച്ചു പോന്നു. സിസ്റ്റർ ഇന്നസെന്റ് പരപ്പിക്കുന്നേൽ ഹെഡ്മിസ്ട്രസ്സായി ചുമതലയേറ്റു. അവരുടെ സ്തുത്യർഹമായ സേവനം 23 വർഷത്തോളം തുടർന്നു. പിന്നീട് വന്ന ഫാദർ കുര്യാക്കോസ് കുടക്കച്ചിറ വളരെ കുറഞ്ഞ നാളുകൾ മാത്രമേ വികാരിയായി ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന് ശേഷം വന്ന ഫാദർ അലോഷ്യസ് ഡിസിൽവയുടെ കഠിന പ്രയത്നത്തിന്റെ ഫലമായിട്ടാണ് ഹയർഎലമെന്ററി (6th to 8th) സ്കൂളായി ഉയർത്താൻ സാധിച്ചത്. 1945-ൽ ഇ.എസ്സ്.എൽ.സി.പബ്ലിക്ക് പരീക്ഷക്ക് ഒന്നാമത്തെ ബാച്ചിലെ കുട്ടികൾ നൂറു ശതമാനം വിജയം സ്കൂളിന് നേടിക്കൊടുത്തു. പിന്നീട് ആ വിജയം ആവർത്തിച്ചു

കൊണ്ടിരുന്നു.

പിന്നീട് മാനേജർ ആയി വന്ന ജോൺ സേക്വേര ഇതിനെ ഒരു ഹൈസ്കൂളായി ഉയർത്താൻ വളരെയധികം പരിശ്രമം നടത്തുകയും മനോഹരമായ ഒരു കെട്ടിടം നിർമ്മിച്ചെൻകിലും പിന്നീട് വന്ന ഫാദർ എൽ.എം. സുക്കോൾ എസ്.ജെ.യുടെ കാലത്ത് ആണ് ഹൈസ്കൂളിനുള്ള



അനുവാദം ലഭിച്ചത്. അദ്ദേഹം കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും 1962 ജൂൺ മാസത്തിൽ ഫാദർ മാക്സ് വെൽ നെറോണ ഹൈസ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായും ശ്രീ.വർക്കി തടമുറിയൻ, ശ്രീ. പി.കെ. ജോസഫ്, ശ്രീ. ഐപ്പ് എന്നിവർ സഹാദ്ധ്യാപകരായും ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചു. കുമാരി ജയശ്രീ ടി.പി.ഹൈസ്കൂളിലെ പ്രഥമ വിദ്യാർത്ഥിയായി ചേർന്നു. പിന്നീട് വന്ന ഫാദർ ലോറൻസ് പി.ജെ. കൂടുതൽ



Sr.Racheal
H M RCLP-1962-1985

കെട്ടിടങ്ങൾ നിർമ്മിച്ചു. 1962 സ്കൂളിലെ എൽ.പി വിഭാഗം ചാരിറ്റി സന്യാസ സഭയിലെ സിസ്റ്റർ റേയ്ച്ചലിനെ ഹെഡ്മിസ്ട്രസ് ആയി നിയമിച്ചു കൊണ്ട് ഹൈസ്കൂളിൽ നിന്നും വേർപ്പെടുത്തി.




1965-ൽ സ്കൂളിലെ ആദ്യ ബാച്ച് S.S.L.C പരീക്ഷ എഴുതുകയും ഒൻപത് ഫസ്റ്റ് ക്ലാസ്സ് അടക്കം 89 ശതമാനം വിജയം കരമാസ്ഥമാക്കുകയും ചെയ്തു. പിന്നീട് സ്കൂളിലുണ്ടായ വിദ്യാർത്ഥി രാഷ്ട്രീയവും സമരങ്ങളുടെ കൊണ്ട് വിജയശതമാനം കുറച്ച് പിന്നിലേക്ക് പോയെങ്കിലും കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉയർന്ന വിജയശതമാനം കരസ്ഥമാക്കികൊണ്ടിരിക്കുന്നു.

1971 ൽ എൻ.സി.സി. ശ്രീ. വി.വി. ജോർജ്ജിൻറെയും ഗൈഡ്സ് സിസ്റ്റർ ആഞ്ചലാ മരിയയുടെയും നേതൃത്വത്തിൽ ആരംഭിച്ചു. പിന്നീട് മേഴ്സി ടീച്ചർ ഹെഡ്മിസ്ട്രസ് ആയി. 1984 – ൽ സ്കൂളിൻറെ വജ്ര ജൂബിലി വളരെ ആഡംബര പൂർവ്വം ആഘോഷിച്ചു. "ഉയരങ്ങളിലേക്ക് " എന്ന ആപ്ത വാക്യവുമായി സ്കൂൾ പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു. 1986 - ൽ ആദ്യത്തെ ജില്ലാ യുവജനോത്സവം ഇവിടെ വെച്ചാണ് നടത്തിയത് . 2001 – ൽ ആദ്യമായി ഓൾ കേരള എൻ.സി.സി. ക്യാമ്പ് ഈ സ്കൂളിൽ വെച്ച്

നടന്നു. നമ്മുടെ സ്കൂളിൽ നിന്നും ഡൽഹിയിൽ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാൻ ചില എൻ.സി.സി. വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. 2008 അദ്ധ്യയന വർഷത്തിൽ 5ാം തരത്തിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിച്ചു. ഇന്ന് 5 മുതൽ 7ാം തരം വരെ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ പ്രവർത്തിക്കുന്നു. സ്കൂളിൽ അതിവിശാലമായ ഒരു കളിക്കളമുണ്ട്.



നമ്മുടെ സ്കൂളിലെ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ശ്രീമതി സോഫി ജോർജ് , .2018 മുതൽ സേവനമനുഷ്ടിച്ചു വരുന്നു.
കഴിഞ്ഞവർഷം സ്കൂളിന്റെ വിജയശതമാനം 98 ആണ് ഇപ്പോൾ സ്കൂളിൽ 1156 കുട്ടികളും 35 അധ്യാപകരും 5 അനധ്യാപകരുമാണുള്ളത്. ഇന്ന് പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ നമ്മുടെ സ്കൂൾ വളരെ മുൻപന്തിയിലാണ് നിലകൊള്ളുന്നത്. സയൻസ് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, ഹിന്ദി ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യ വേദി, എൻ.സി.സി., സ്കൗട്ട്, ഗൈഡ്സ്, റെഡ് ക്രോസ് മുതലായവ സ്കൂളിൽ പ്രവർത്തിക്കുന്നു.



പ്രകൃതി രമണീയമായ മലമടക്കകൾക്കിടയിലാണ് നമ്മുടെ സ്കൂൾ സ്ഥിതിചെയ്യുന്നത് .സമുദ്ര നിരപ്പിൽ നിന്നും 2400 അടി ഉയരത്തിൽ ചെമ്പ്ര കൊട്ടുമുടിയുടെ മടിത്തട്ടിൽ ആണ് ചുണ്ടേൽ എന്ന സ്ഥലം സ്ഥിതിചെയ്യുന്നത്.കോഴിക്കോട് ഊട്ടി സംസ്ഥാന പാതയും മൈസൂർ ദേശീയ പാതയും (എൻ.എച്ച്.212) കൂടിച്ചേരുന്ന ഭാഗത്താണ് ചുണ്ടേൽ വി. യൂദാസ്ശ്ലീഹായുടെ തീർത്ഥാടന കേന്ദ്രവും ആർ.സി.ഹൈസ്കൂളും സ്ഥിതിചെയ്യുന്നത്. വടക്കെ മലബാറിൽ




വൈത്തിരി അംശത്തിൽ കുന്നത്തിടവക ദേശത്തിലാണ് ചുണ്ടേൽ എസ്റ്റേറ്റ്. ഈ പ്രദേശം മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമായിരുന്ന അവരുടെ അറ്റോർണി ലിയാനാർഡ് അശ്മാൽ ലെബാർഡും കോഴിക്കോട് രൂപതയുമായുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ കിട്ടിയ സ്ഥലത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്.

സ്കൂൾ കെട്ടിടം വളരെയധികം കാറ്റും വെളിച്ചവും കിട്ടുന്ന രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. പണ്ട് വിദ്യാഭ്യാസം തീരെ ഇല്ലാതിരുന്ന കാലത്താണ് ഈ സ്കൂൾ ആരംഭിക്കുന്നത് അതുകൊണ്ട് ആദ്യകാലത്ത് കുട്ടികളുടെ എണ്ണം വളരെ കുറവായിരുന്നു. അധ്യാപകർ വീട്ടുവീടാന്തരം കയറിയിറങ്ങി കുട്ടികളെ, പഠിക്കുന്നതിൻറെ പ്രാധാന്യം പറഞ്ഞു കൊടുത്ത്





രക്ഷിതാക്കളെ ബോധവൽക്കരിച്ച് സ്കൂളിലേക്ക് ക്ഷണിച്ച് കൊണ്ടുവരേണ്ട സ്ഥിതിയായിരുന്നു അന്നുണ്ടായിരുന്നത്. ഉച്ചവരെ അധ്യാപനവും ഉച്ചയ്ക്ക് ശേഷം വീട് സന്ദർശനവുമായി കഴിഞ്ഞതിൻറെ ഫലമായി ജാതിമത ഭേദമന്യേ ധാരാളം കുട്ടികൾ പഠിക്കാൻ മുന്നോട്ടു വന്നു. ഈ സ്കൂളിൽ നിന്നും വിദ്യ നേടി ഉന്നത പദവിയിലെത്തിയ ധാരാളം ആളുകൾ വിവിധ പ്രദേങ്ങളിലുണ്ട്.



തേയില,കാപ്പി, ഏലം തോട്ടങ്ങളുടെ നാടാണ് ഈ പ്രദേശം. ഈ തോട്ടങ്ങളിൽ ജോലി ചെയ്യാൻ വേണ്ടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും എത്തിയ, പല ഭാഷകൾ സംസാരിക്കുന്ന വിവിധമത വിശ്വാസങ്ങളിൽപ്പെട്ട, വിവിധആചാരാനുഷ്ഠാനങ്ങൾ നടത്തുന്ന പലതരത്തിലുള്ള ആളുകളുടെഒരുകുടിയേറ്റ സംഗമമാണ് ചുണ്ടേൽ എന്ന ചെറിയ ഗ്രാമം. ഈ വിദ്യാലയമാണ് ഈ പ്രദേശത്തിന്റെ പുരോഗതിക്ക് നാന്ദി കുറിച്ചത്.

ബ്രിട്ടീഷ് കളക്ടർ ആയിരുന്ന വില്യം ലോഗൻ തൻറെ മലബാർ മാന്വൽ എന്ന ഗ്രന്ഥത്തിൽ ചുണ്ട എന്ന പ്രദേശത്തെകുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും കൂടുതൽ ഒന്നും കാണുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ വയനാടിന്റെ സിരാകേന്ദ്രമായിരുന്ന വൈത്തിരിയുടെ ഒരു പ്രാന്തപ്രദേശമായി മാത്രമേ ചുണ്ട പരിഗണിക്കപ്പെട്ടിരുന്നുള്ളൂ. വൈത്തിരി പണ്ട് "വഴിത്തിരിവ്" ആയിരുന്നു. ആ വാക്ക് ലോഭിച്ച് വൈത്തിരിയായി മാറി. ചുണ്ട എന്ന പേര്"ചൂണ്ടുപലക വെച്ചസ്ഥലം"എന്ന വാക്കിൽനിന്നും രൂപപ്പെട്ടതാണെന്ന് ഒരുപക്ഷം, "ചുണ്ട" എന്ന മുൾച്ചടി വളർന്നിരുന്നതിനാൽ ചുണ്ട എന്ന പേര് വന്നു എന്ന് മറു പക്ഷം.

വീരപഴശ്ശിയുടെ മരണത്തോടെ വയനാട്ടിൽ ആധിപത്യം പുലർത്തിയ ബ്രിട്ടീഷുകാർ വയനാട്ടിൽ വൻകിട ചായത്തോട്ടങ്ങളും കാപ്പിത്തോട്ടങ്ങളും സ്ഥാപിച്ചു. ചുണ്ടയ്ക്കടുത്ത് ഒരു ജൈനമതക്ഷേത്രം (കണ്ണാടിയമ്പലം) സ്ഥിതിചെയ്യുന്നു. അതുപോലെ തന്നെ ഇവിടെ അടുത്ത് സായ്പ്കുന്ന് എന്ന് അറിയപ്പെടുന്ന സ്ഥലമുണ്ട് അവിടെ ഒരു സായ്പിന്റെ കുടുംബം മുഴുവനും അവരുടെ വളർത്തുനായ ഉൾപ്പെടെ സംസ്കരിച്ചിരിക്കുന്ന സ്ഥലമാണ് ഇത്.


SAIPU KUNNU AUDATHODE

# രക്ഷാധികാരികൾ



**റൈറ്റ്. റവ. ഡോ. വർഗീസ് ചക്കാലക്കൽ**
(കോഴിക്കോട് രൂപതാ മെത്രാൻ)




**മോൺ.റവ.ഫാ.തോമസ് പനയ്ക്കൽ**
(കോർപ്പറേറ്റ് മാനേജർ
കോഴിക്കോട് രൂപത)



**റവ.ഫാ.മാർട്ടിൻ ഇലഞ്ഞിപറമ്പിൽ**
(മാനേജർ ആർ.സി.എച്ച്.എസ്.ചുണ്ടേൽ)




RIMSHA

# സ്നേഹം....?

'സ്നേഹമെന്നാലെന്ത്'? മാഷ് കുട്ടിയോട് ചോദിച്ചു.

'സ്നേഹമെന്നാൽ.....' അവൻ പരുങ്ങി 'അന്വേഷിച്ച് കണ്ടുപിടിച്ച് വരിക'. അവൻ അന്വേഷണം ആരംഭിച്ചു.

**ഒരാൾ പറഞ്ഞു:**'കൊടുക്കും തോറും വർദ്ധിക്കുകയും പിശുക്കും തോറും കുറയുന്ന ഒന്നാണ് സ്നേഹം;

**മറ്റൊരാൾ പറഞ്ഞു:**'കിട്ടുന്നവർ വീണ്ടും വീണ്ടും
ആഗ്രഹിക്കുകയും കിട്ടാത്തവർ
ജീവിതം മുഴുവൻ തിരയുന്ന
ഒന്നാണ് സ്നേഹം."

**മൂന്നാമൻ പറഞ്ഞു:**'പണം കൊടുത്ത് വാങ്ങാനാ-
വാത്തതും ഭീക്ഷണിപ്പെടുത്തി
നേടാനാവാത്തതും."

'ഹൃദയത്തിൽ മുളച്ച് കണ്ണുകളിൽ പ്രകാശമായി സ്ഫുരിക്കുന്നതെന്തോ അതാണ് സ്നേഹം''- **നാലാമൻ**

"ശോകമൂകമാം മാനസങ്ങളിൽ ആനന്ദത്തിൻ പൊൻവെളിച്ചം തൂകുന്നതെന്തോ അതാണ് സ്നേഹം''-**അഞ്ചാമൻ** അങ്ങനെ പറഞ്ഞപ്പോൾ

"ത്യാഗമാണ് സ്നേഹം" എന്നായിരുന്നു. ആറാമന്റെ അഭിപ്രായം.

"മാതൃഹൃദയങ്ങളിൽ നന്മം വാത്സല്യമായും ശാസനയായും പിഞ്ചുകുഞ്ഞുങ്ങളിലേക്ക് ഒഴുകിയെ-

ത്തുന്ന കളങ്കമില്ലാത്ത നീരുറവയാണ് സ്നേഹം"

"ഉറക്കം തൂങ്ങിയ കണ്ണുകളെയും ഉറങ്ങി-പ്പോയ മനസുകളെയും ഉണർത്തുന്നതെന്തോ,നിരർത്ഥ-കമായ ജീവിതത്തെ അർത്ഥമുള്ളതാക്കുന്നതെന്തോ അതാണ് സ്നേഹം"

**ഏഴാമന്റെയും എട്ടാമന്റെയും** അഭിപ്രായങ്ങൾ ഇങ്ങനെയായിരുന്നു.

കുട്ടി **ഒമ്പതാമതൊരാളെ കണ്ടു'** അയാളുടെ അഭിപ്രായത്തിൽ "സ്വയം വേദനിച്ചു. മറ്റൊരാളെ സന്തോഷിപ്പിക്കാൻ പ്രേരിപ്പിക്കുന്നതെന്തോ അതാണ് സ്നേഹം.

ബന്ധങ്ങളുടെ കമ്പോളങ്ങളിൽ വില കുറച്ചും മായം ചേർത്തും സുലഭമായി വിൽക്കപ്പെടുന്ന വിലമ-തിക്കാനാവാത്ത അമൂല്യനിധിയാണ് സ്നേഹം."
**പത്താമന്റെ** അഭിപ്രായം കൂടി കേട്ടപ്പോൾ കുട്ടി ചിന്താകുഴപ്പത്തിലായി.

പിറ്റേന്ന് മാഷ് വീണ്ടും ചോദിച്ചു. 'ഉത്തരം കിട്ടിയോ?' കുട്ടി എഴുന്നേറ്റ് നിന്ന് ഒറ്റവാക്കിൽ മറുപടി പറഞ്ഞു

**'സ്നേഹമെന്നാൽ എല്ലാമാണ് മാഷേ'**

**<u>അമാനി ഫാത്തിമ-x A</u>**

# പുഞ്ചപ്പാടത്തെ പൂങ്കുയിലേ

പുഞ്ചപ്പാടത്തെ പൂങ്കുയിലേ
പുന്നാരപ്പാട്ടൊന്നു പാടാമോ?
അക്കണ്ടം നട്ടു ഞാൻ ഇക്കണ്ടം നട്ടു ഞാൻ
മേലേക്കണ്ടത്തിൽ ഞാറുനട്ടു.
ഞാറു കുത്തിക്കേറി വരുമ്പോൾ
എന്നാലും തമ്പ്രാനു തീണ്ടലാണ്.
നെല്ലായ നെല്ലെല്ലാം കൊയ്തുമെതിച്ച്
അറയിലിടുമ്പോഴും തീണ്ടലില്ല.

അറകൾ നിറച്ചു പത്തായും നിറച്ചു
ഇറങ്ങിവരുമ്പോഴും തീണ്ടലാണ്
പോൻമണിവാരിഅറ നിറച്ചാലും.
കേറിയിറങ്ങിയാൽ തീണ്ടലില്ല.

എന്നിട്ടും തമ്പ്രാൻ മിണ്ടാത്തതെന്തേ
നീതിക്കു യോഗ്യത പോരാഞ്ഞോ.
കന്നിക്കൊയ്ത്തു കഴിഞ്ഞോരു പാടം
നെൻമണിവാരി വിതറിയാലോ.

മാസം പലതു കഴിഞ്ഞാലും പിന്നെയും
തമ്പ്രാന്റെ മുഖത്തു കോപം തന്നെ
കൊയ്ത്തുകാലം കഴിഞ്ഞാൽ പടിപ്പുര
കേറിയാൽ തമ്പ്രാനു തീണ്ടലാണ്

നികിത.പി.എസ് VIII.E

# ! MY LOVE....

It was the day
a drop of '**Love Rain**'
Fall to my eyes.....
It makes me **Blind**
for long.....
It was only my
**Truth**.....
which also makes a
me mad.....
**Rapidly**
I nose up!
**really**
I sensed that,,,
I was not a
**Blind**
I had just
closed my eyes
**and**....,
it was not my
**Truth**!
It's just a drama of mine
those eminent had
Produced or directed
**But**....,
I was gesticulate as a
**Buffoon**!!

# WATER CONSERVATION



- water is a vital resource
- majority of water resources are polluted heavily
- its amount is limited for use
- so conservation is Extremely important
- water conservation refers to reducing the usage of water and recycling of waste water for different purpose such as cleaning,manufacturing, and agricultural irrigation

ASHIN IX A

# ഹാഫ് ഗേൾഫ്രണ്ട്

ആകെ ബഹളം
അവിടെ നിന്നങ്ങോട്ടും
ഇവിടെ നിന്നങ്ങോട്ടും
ഒളിയമ്പുകൾ
കാമുകൻമാർ ഏറെയുണ്ട്
പുരോഗതിയുള്ളവർ,
ഒന്നും നടക്കാത്തവർ,
റിട്ടേഡായവർ,
വാതിലിൽ നിന്നെത്തിനോക്കുന്നുണ്ട്
കുറെ കണ്ണുകൾ.
കൈകൊട്ടും, വാക്കുതർക്കവും.
ഇവിടെയുള്ള
ബഹളത്തിനനുസരിച്ച്
പുറത്ത്
ടപ്പുണിടുന്നുണ്ട് മഴ.
മൂലക്കിരുന്നൊരുതൻ
എസ്.എസ്.എൽ.സി.ക്ക്
പഠിക്കുപ്പോല്ലെ.
വായിക്കുന്നുണ്ട്
ഒന്നുകൂടി നോക്കി
"ഹാഫ് ഗോൾ ഫ്രണ്ട് "

ഷാഹിന യാസ്മിൻ **X** B


By: Sethu Lakshm


SUHAIL . M
9.D

## ഉത്തരം കണ്ടെത്തൂ

1. കറുത്ത കുന്നിൽ ആയിരം കിളി ചിലച്ചിറങ്ങി
2. ചുവന്നത് തിന്ന് കറുത്തത് തുപ്പി
3. ചെത്തിത്തേച്ച ചുവരിൽ വിരിയും പിച്ചിൻപ്പൂക്കൾ
4. കായ്ക്കാത്ത പൂക്കാത്ത മരത്തിൽ കയറാൻ ചെന്നപ്പോൾ മരം കാണാനില്ല.
5. കിട്ടാൻ വിഷമം, കളയാൻ എളുപ്പം
6. നൂറ് + മൂന്ന് =1
7. നൂൽത്തിരി പോയൊരു മുത്തുമാലയായി
8. പോകുമ്പോൾ പൊന്നുമണി, വരുമ്പോൾ വെള്ളിമണി
9. പൂക്കാത്ത കായ്ക്കാത്ത കാടിന്റെ നിറം മാറുന്നു.
10. എല്ല തിന്നും വെള്ളം കുടിക്കും കൂട്ടിലടയ്ക്കാം കാട്ടമില്ല
11. വെള്ളമതിൽ കെട്ടുകൾക്കുള്ളിൽ വെള്ളിവടി
12. വെള്ളിച്ചത്ത് ചന്ദ്രക്കല ഇരുട്ടത്ത് പൂർണ്ണചന്ദ്രൻ

### ഉത്തരങ്ങൾ

1. ആനപ്പുറത്ത് ചങ്ങലയിടുക
2. തണ്ണിമത്തൻ തിന്ന് കുരു തുപ്പുക
3. നക്ഷത്രങ്ങൾ
4. പുക
5. സൽപേര്
6. നൂറ് [ചുണ്ണാമ്പ്] + വെറ്റില + അടയ്ക്ക + പുകയില = വെറ്റില മുറുക്ക്
7. കുരുമുളക് കുല
8. നെല്ല് വറുത്ത് മലരാക്കുക
9. തലമുടി നരയ്ക്കുക
10. കത്തി
11. വാഴപ്പിണ്ടി
12. പൂച്ചയുടെ കണ്ണ്

സഞ്ചിൽ 9.B

## ദുരിതാശ്വാസ ക്യാമ്പ്

-----------

ഒരിക്കൽക്കൂടി

ഞങ്ങൾ
ഉസ്ക്കൂളിൽ ചേർന്ന്

പുതിയ പാഠങ്ങൾ പഠിച്ചൂട്ടോ...
അന്നത്തെപ്പോലെ

ആരും മതം നോക്കിയില്ല..

പണം നോക്കിയില്ല...
യൂണിഫോം ഇല്ലാതെ തന്നെ

ഞങ്ങൾ ഒരേ മനസ്സായി...
ഒരേ ആകുലതകൾ
ഒരേ പ്രതീക്ഷകൾ

ഒരേ ആശ്വാസം പങ്കിട്ടു.

അന്നത്തെപ്പോലെത്തന്നെയായിരുന്നു

തുടക്കം....
ഉസ്ക്കൂളിൽ പോകാൻ ഒട്ടും ഒട്ടും

ആഗ്രഹിച്ചിരുന്നതേയില്ല.
പ്രളയം രക്ഷിതാവിനേക്കാൽ
നിർബന്ധക്കാരനായി ഉന്തിത്തള്ളിയാ

ഇവിടെത്തിച്ചത്...

പക്ഷെ ഇവിടെ എത്തിയില്ലായിരുന്നെങ്കിൽ....

ഇത്തവണ പാഠ്യപദ്ധതിയോ ,
പാഠപുസ്തകമോ

വേണ്ടി വന്നില്ല.
മാർക്കിന്റെ സ്ഥാനക്കയറ്റമോ

പുറത്താക്കലോ ഉണ്ടായില്ല.
അടുത്തിരുന്ന കുഞ്ഞു പോലും

പാഠപുസ്തകമായി...

ഗുരുവായി...

ഒരിക്കൽക്കൂടി
എല്ലാ ദൈവങ്ങൾക്കും
ഇടമുള്ള
പഴയ ഈശ്വര പ്രാർത്ഥന
മനസ്സിൽ നിറഞ്ഞു....
ഒന്നാണന്ന പ്രതിജ്ഞ
പറയാതെയോർത്തു.
ദേശീയഗാനമൊന്നുമില്ലാതെ തന്നെ
ദേശത്തെക്കുറിച്ച് ഒന്നായി ചിന്തിച്ചു.
പിണക്കങ്ങളൊക്കെ മറക്കുന്ന ഇടമായി
വീണ്ടും സ്കൂൾ മാറുന്നത്
നാമറിഞ്ഞു.
ഇപ്പോഴാണ്
ചില പാഠങ്ങൾ ശരിക്കും പഠിച്ചത്.

ഈ ഉസ്ക്കൂൾ വിട്ടിറങ്ങിയാൽ
ഇനി "ആ"യിൽ
തുടങ്ങണം.
ഒന്നേ എന്ന് ആരംഭിക്കണം...
വലിയൊരു പരീക്ഷയാ
നേരിടാനുള്ളത്.

ഇപ്പോ ഞങ്ങൾക്ക്
വന്നപ്പോഴുണ്ടായത്ര ഭയമില്ല.
എന്തും നേരിടാനുള്ള ധൈര്യം
ഈ ഉസ്കൂൾ കാലം തന്നിരിക്കുന്നു.
തനിച്ചല്ല എന്ന ഉറച്ച വിശ്വാസം
ഉണ്ടായിരിക്കുന്നു.
അതെ കൂട്ടുകാരാ, കൂട്ടുകാരീ
നാമെല്ലാമിപ്പോൾ
സഹപാഠികൾ...

റോയിസൺ പിലാക്കാവ് HSA മലയാളം

_വെളിച്ചം ഇരുട്ടിനോട് പറയുന്നത്

## കാത്തിരിപ്പിനൊടുവിൽ

ഏറെ നാളായ് കാക്കുന്ന
നിൻ മുഖം കാണാനായ്
ആയിരം പ്രജോദങ്ങളുമായ്
ഞാൻ നിന്നിലലിഞ്ഞു!
ചക്രവാളത്തിൽ നിന്ന്
എൻ ശിരസ്സ് കുതിച്ച്
ഉയരുമ്പോൾ.....
എൻ ഉള്ളിൽ നിൻ
മുഖം മാത്രം
പ്രിയേ ഞാൻ വരികയാണ്......
മനുജന്റെ കൊട്ടം
ക്രൂരതയ്ക്ക്
നീ സാക്ഷിയാകുമ്പോൾ......
സ്വരമുയർത്താനാവാതെ
നിൻ ഉള്ളം
പിടഞ്ഞപ്പോൾ......
ഏകിയായി നീ
ഒതുങ്ങിയപ്പോൾ.......
എൻ സാന്നിദ്ധ്യം നീ
കൊതിച്ചു.....
എൻ അഭയാർത്ഥിയായി
എൻ അരികിലെത്താനായി
നിൻ ഉള്ളം തുടിച്ചു.....
കാത്തിരിപ്പിനൊടുവിൽ നാം
ചേർന്നപ്പോൾ വിധി വീണ്ടും
നമ്മെ പിറകോട്ടയച്ചു..!

*അമാനി ഫാത്തിമ X.A*

# ഭൂമിയുടെ ആഭരണങ്ങൾ

കുന്നുകൾ,കളങ്ങൾ,അരുവികൾ,തടാകങ്ങൾ,സമുദ്ര-
ങ്ങൾ,പർവ്വതങ്ങൾ,പാറക്കെട്ടുകൾ,മരുഭൂമികൾ,
മഴക്കാടുകൾ,കാട്ടുമൃഗങ്ങൾ,പറവകൾ,മനുഷ്യർ ഇവയെല്ലാം നമ്മുടെ
ഭൂമിയമ്മയുടെ ആഭരണങ്ങൾ.
ഇവയിൽ മനുഷ്യനെന്ന ആഭരണം അമ്മയുടെ മേനിയെ
കുത്തിനോവിച്ചുകോണ്ടിരിക്കുകയാണ്.
തനിക്ക് ചേരാത്ത കർണാഭരണം ധരിച്ച പെൺകൊടി
നീറുന്നതുപോലെ അവനൊഴികെ ഭൂമിയെ ഇത്രയും
കഠിനമായി ദ്രോഹിക്കുന്ന മറ്റൊരു ജീവജാലവും ഇവിടെയില്ല.

ഭൂമിയമ്മയും സകല ദൈവസൃഷ്ടികൾക്കും തണലാകാനും പ്രാണവായു
നൽകാനും കഴിയുന്ന
പ്രകൃതിയുടെ ഉൽപ്പാതകരായ വാക്കുകൾക്കും വർണനകൾക്കും
അതീതമാണ്.



സേതുലക്ഷ്മി 9.A

# CHILDREN'S DAY

Children's day began to be celebrated with the aim of directing more and more attention of the people of india to the welfare of children. Jawaharlal nehru our former prime minister made arrangement for celebrating children's day on November 14th each year in connection with his birthday .He loved children very much. He understood the place of  children in society. Children call him by thename Chacha Nehru.

As a result of ignorance and economic backward of the people proper a Hention has not yet been given to the problem  of children. Today's children are tomarrow's citizens. They have to take up the responsibilities of the nation. We have to give more attention in the cause of children and bring them up in such a way as to enable them to become true citizens of india.

The condition of children in undeveloped and underdeveloped countries are very deplovable. They are lacking in nutritions food, and good dress. There are no educational facilities for them. In some countries children are made to work as slaves.

A large majority of children in india does not get nutritious food. As a result of this their growth is retarded. Beside  they will become easy victims and various kind of diseases. Now the urgent need is to take immediate steps to provide them with enough nutritious food and proper medical aid

Another important action to be taken is in the case of education of children. Through there are facilities for free educations census of 1982, 1990 and 1992 show that a large number of children are growing without education in our country. Now the important of pre-primary

education in increasing. Only a small percentage f children in this country are getting pre-primary education.

It is a the urgent need that orphanages should be started for attending children who have no parents or home physically and mentally handicapped children must be given special attention. It is the duty of the government

to make awareness among the people of the importance of child case . The publication of free pamphlets and distribution among people is a good method. Medium like newspaper, ration, television, cinema etc. Should be used for propaganda.

The government and the public should give emphasis for the programmes. It is with the aim of attracting the attention of the world as a whole in children's problem that we have celebrated international children's year in 1979. all people must be aware that children should be given more attention and they should be through up properly.

*Ashin k.s IX-A*

# സംഘം

ഏതു പാർട്ടിയുടെ
ജാഥ കടന്നുപോയാലും...
പെരുന്നാൾ പ്രദക്ഷിണമോ
ഉത്സവ എഴുന്നള്ളത്തോ
നബിദിന റാലിയോ
ആവഴി വന്നാലും....
ഏതൊരാൾക്കും
ഇരുളിൽ കാലിടറാതിരിക്കാനുമായി
ഉമ്മറത്ത്
അച്ഛൻ കൊളുത്തി വെച്ചിരുന്ന
ആ തിരി
ഇന്നലെ
'എന്റെ ആളുകൾ'എന്ന്
സ്വയം പരിചയപ്പെടുത്തിക്കടന്നുവന്നവർ
ഊതിക്കെടുത്തി...!


റോയ്സൺ പിലാക്കാവ്
HSA മലയാളം

# വിളിപ്പേരുകൾ

- ദേശബന്ധു - സി.ആർ.ദാസ്
- ദീനബന്ധു - സി എഫ് ആൻഡ്രൂസ്
- ബാൽ പാൽ
  ലാൽ - ബാലഗംഗാധര തിലകൻ
  ബിപിൻ ചന്ദ്രപാൽ
  ലാല ലജ്പത്റായ്
- കേരളഗാന്ധി - കെ.കേളപ്പൻ
- ഇന്ത്യയുടെ
  വാനമ്പാടി - സരോജിനി നായിഡു
- കേരള സിംഹം - പഴശ്ശിരാജ
- ചാച്ചാജി - നെഹ്റു
- അർധനഗ്നനായ
  ഫക്കീർ - മഹാത്മ ഗാന്ധി
- മയ്യഴി ഗാന്ധി - കുമാരൻ മസ്റ്റർ
- നേതാജി - സുഭാഷ് ചന്ദ്രബോസ്

***നാസിമം ഷാൻ 8.A***





# പൂമ്പാറ്റ

പൂക്കളൽനിന്നും പൂക്കളിലേക്ക്
പാറിനടക്കും പൂമ്പാറ്റേ
മധുവൂറുന്നൊരുപൂവിൽ നിന്നും
മധു മോഷ്ടിക്കും പൂമ്പാറ്റേ
നിന്നുടെ മെയ്യിലെ വർണങ്ങൾ
ചേലേറുന്നതുമാണെല്ലോ
എന്നുടെക്കൂടെ പോരാമോ
കുസൃതികളോരോന്നോതാം ഞാൻ
പുള്ളിയുടുപ്പമണിഞ്ഞുള്ള
കളിമേളങ്ങൾ തുടരൂ നീ
പൂക്കളിൽനിന്നും പൂക്കളിലേക്ക്
പാറിനടക്കും പൂമ്പാറ്റേ...

നൂറ ഫെബിൻ

*IX-A*

# ***Kerala- God's own Country***

If you are looking for an unwinding,out-of-this-world,experience,many would recommend  Kerala for its back waters,Ayurveda ,and yoga. But do try the mountain and forests of northern  kerala:  wayanad. This is an area of vast,serene,green plantation. The monarchs of these great  coffee and vanilla estate are the plantation;and some of them have opened their doors to 'Home Stay' visitors share their lives wake with the sun,unwind through the languorous day,are enchanted by tales told by their host and  hostess of life in the great outdoors,and sleep when owls call from the moonlight dark. It feels like 48 hours of distressing in every 24!

Muhammad Jasil– E

# സ്വാതന്ത്ര്യ സമര ക്വിസ്

1. 1-ാം സ്വാതന്ത്ര്യ സമരം എന്ന വിശേഷിപ്പിക്കുന്ന വിപ്ലവം നടന്ന വർഷം ?

1857 .

2. 1857-ലെ വിപ്ലവത്തെ ഇന്ത്യയുലെ മഹത്തായ ഒന്നാം സ്വാതന്ത്ര്യ സമരം എന്ന വിശേഷിപ്പിച്ച വ്യക്തി ?

വി.ഡി സവർക്കർ .

3. 1857-ലെ 1-ാം സ്വാതന്ത്ര്യ സമരത്തെ ബ്രിട്ടീഷുക്കാർ വിളിച്ച പേര് ?

ശപായി ലഹള .

4. 1857-ലെ വിപ്ലവത്തിലെ ആദ്യ രക്തസാക്ഷി ?

മംഗൽ പാണ്ഡെ .

5. 1857-ലെ വിപ്ലവം ആരംഭിച്ച സ്ഥലം ?

മീററ്റ്.

6. ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിക്കപ്പെട്ട വർഷം ?

1600 .

7. " സ്വരാജ്യം എന്റെ ജന്മാവകാഷം" ആരുടെ മുദ്രവാക്യം ?

ബാല ഗംഗാധര തിലക്.

8. ആറ്റിങ്ങൽ ലഹള നടന്നതെന്ന്?

1721 ഏപ്രിൽ 15 .

9. മുഹമ്മദാലി ജിന്ന പാക്കിസ്ഥാൻ എന്ന രാജ്യം വേണമെന്ന് ആവശ്യപ്പെട്ട കോൺഗ്രസ്സ് സമ്മേളനം ?

ലാഹോർ സമ്മേളനം .

10. ബ്രിട്ടീഷ് ഇന്ത്യയിലെ ഒടുവിലത്തെ ഗവർണർ ജനറൽ ?

കാനിംഗ് പ്രഭു .

11. "സ്വദേശി" എന്ന വാക്ക് ആദ്യമായി അവതരിപ്പിച്ചത് ?

സ്വാമീ ദയാനന്ദ്.

12. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിച്ച ബ്രിട്ടിഷുക്കാരൻ ?

എ.ഒ ഹ്യൂം .

13. ഇന്ത്യ സ്വാതന്ത്ര്യ സമര നായകർ കരിനിയമം എന്നു വിശേ - ഷിപ്പിച്ച ആക്ട്?

റൗലറ്റ് ആക്ട്.

14. ക്വിറ്റ് ഇന്ത്യാ സമരവുമായി ബന്ധപ്പെട്ട് ഗാന്ധിജി നടത്തിയ പ്രസിദ്ധമായ മുദ്രാവാക്യം ?

പ്രവർത്തിക്കു അലെങ്കിൽ മരിക്കു .

15. ക്വിറ്റ് ഇന്ത്യാ സമരനായിക എന്നറിയപ്പെടുന്നതാര്?

അരുന്ന ആസഫലി .

16. ഖിലാഫത്ത് പ്രസ്ഥാനം ഏതു രാജ്യവുമായി ബന്ധപ്പെട്ടതാണ്?

ആനിബസന്റ്.

17. ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യത്തിന് അടിത്തറപാകിയ യുദ്ധം ?

പ്ലാസിയുദ്ധം .

18. ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ടതെന്ന്?

1949 നവംബർ 26 .

19. "ഗേറ്റ് വേ ഓഫ് ഇന്ത്യ" നിർമ്മിച്ചതെന്ന്?

1911 .

20. ഇന്ത്യൻ ഹോംറൂൾ ലീഗ് ഓഫ് അമേരിക്ക സ്ഥാപിച്ചതാര്?

ലാലാ ലജ്പത് റായി .

21. ഭാരതീയരേ റേഡിയോയിലൂടെ അഭിസംബോധന ചെയ്ത ആദ്യ ഇന്ത്യൻ നേതാവ് ?

സുഭാഷ് ചന്ദ്രബോസ്.

22. ഇന്ത്യൻ പാർലമെന്റ് മന്ദിരം രൂപകൽപ്പന ചെയിത വിദേശി ?

ഹെബർട്ട് ബേക്കർ .

23. ആര്യസമാജ സ്ഥാപകൻ ?

സ്വാമി ദയാനന്ദ സരസ്വതി .

24. പഞ്ചാബ് സിംഹം എന്നറിയപ്പെടുന്ന സ്യാതന്ത്ര്യ സമര സേനാ - നി ?

ലാലാ ലജ്പത് റായി .

25. ജവഹർലാൽ നെഹ്റു ആരംഭിച്ച പത്രം ?

നാഷണൽ ഹെറാൾഡ്.

**മുഹമ്മദ് അമീൻ**

**9.A**

# കറ്റ്വ

അവളാദ്യം
കരഞ്ഞത്
കുതിരയെ കാണാഞ്ഞ്...
അവൾ
പിന്നെ കരഞ്ഞത്
ഉമ്മയെക്കാണാഞ്ഞ്...
അവൾ
അവസാനമായ് കരഞ്ഞത്
ദേവാലയത്തിലും
ദൈവത്തെക്കാണാഞ്ഞത്...

***റോയ്സൺ പിലാക്കാവ്***

# കൃതജ്ഞതയോടെ

ഈ മാഗസിന്റെ പൂർത്തീകരണത്തിനായി ഞങ്ങളുമായി സഹകരിച്ച നല്ലവരായ കൂട്ടുകാർ.....

ആശംസാ സന്ദേശങ്ങൾ വഴി ഞങ്ങളെ ആനുഗ്രഹിച്ച ഗുരുശ്രേഷ്ഠർ.....

സ്കൂൾ സംബന്ധമായ ആദ്യകാല ചരിത്രങ്ങൾ പറഞ്ഞുതന്ന മുൻകാലാദ്ധ്യാപകർ,രക്ഷകർത്താക്കൾ.....

കലാ സാഹിത്യ രചനകളും തന്ന് ഈ മാഗസിനെ ധന്യമാക്കിയ കൂട്ടുകാർ,അധ്യാപകർ.....

എല്ലാവരോടുമുള്ള കടപ്പാട് പക്ഷെ വാക്കുകളിൽ ഒതുക്കാവുന്നതല്ല.

***പത്രാധിപസമിതി***